# ഐക്യമല്ല

## കേരള ജംഇയ്യത്തുൽ ഉലമാ നിർവാഹക സമിതിയുടെ തീരുമാനങ്ങൾ

# അംഗീകരിക്കലാണ്

കേരളാ നദ്‌വത്തുൽ മുജാഹിദീനിന്റെ വിജയവേളകളിലെല്ലാം ഞങ്ങൾ ഐക്യത്തിന് തയ്യാർ എന്ന ആഹ്വാനവുമായി ജനാബ് മൗലവി ഹുസൈൻ മടവൂർ രംഗത്തു വരാറുണ്ട്. കെ. എൻ. എമ്മിന്റെ ഐതിഹാസികമായ ചങ്ങരംകുളം സമ്മേളനത്തിനു ശേഷം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പനമരത്ത് നടന്ന സമ്മേളനത്തിലും അതിനു ശേഷം നടന്ന പരിപാടികളിലും അദ്ദേഹം ഈ ആഹ്വാനം ആവർത്തിക്കുകയുണ്ടായി. സത്യത്തിൽ ഈ ഐക്യാഹ്വാനങ്ങളുടെ വല്ല ആവശ്യവും മുജാഹിദുകൾക്കുണ്ടോ?

**മുജാഹിദ് പ്രസ്ഥാനത്തിനകത്ത് ആശയപരമായ അഭിപ്രായ വ്യത്യാസങ്ങൾ അഥവാ ആദർശവ്യതിയാനം ഉടലെടുത്ത സമയത്ത്, ക്വുർആനിന്റെ നിർദ്ദേശം പാലിച്ചുകൊണ്ട് നിസ്സാർത്ഥരായ പണ്ഡിതൻമാർ ക്വുർആനിലേക്കും സുന്നത്തിലേക്കും ഭിന്നതകൾ മടക്കുവാൻ ശ്രമം നടത്തിയിരുന്നു. അങ്ങനെ കേരള ജംഇയ്യത്തുൽ ഉലമാ നിർവ്വാഹക സമിതിയുടെ മേൽനോട്ടത്തിൽ 2001 ജൂണിൽ ഇരുവിഭാഗം പണ്ഡിതൻമാരും പരസ്പരം ചർച്ച ചെയ്തു. രണ്ടു വിഭാഗത്തിൽ നിന്നുമുള്ള പത്തു പണ്ഡിതൻമാർ വീതം അവരുടെ വാദങ്ങൾ അവതരിപ്പിക്കുകയും സുപ്രധാനമായ തീരുമാനങ്ങളിൽ എത്തുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ആരോപണം ഉന്നയിക്കപ്പെട്ടവർ (മടവൂർ വിഭാഗത്തിലുള്ളവർ) തങ്ങളെപ്പറ്റി പറഞ്ഞതായ കാര്യങ്ങൾ മുഴുവനും നിഷേധിക്കുകയും തങ്ങൾക്ക് പ്രസ്തുത വിഷയത്തിൽ വല്ല വീഴ്ച്ചയും വന്നിട്ടുണ്ടെങ്കിൽ തിരുത്താമെന്ന് സമ്മതിക്കുകയും ചെയ്തു. അതേ സമയം ആരോപണം ഉന്നയിച്ചവരാകട്ടെ തങ്ങളുടെ സഹോദരങ്ങൾ തെറ്റുണ്ടെങ്കിൽ തിരുത്താമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുകയും സന്തോഷപൂർവ്വം ഇരുകൂട്ടരും പിരിയുകയും ചെയ്തു. അങ്ങനെ ഇരുവിഭാഗത്തിലേയും പണ്ഡിതൻമാർ പ്രസ്തുത ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ എഴുതിയുണ്ടാക്കുകയും രണ്ടു വിഭാഗത്തിലെ താഴെ പറയുന്ന പണ്ഡിതൻമാരെക്കൊണ്ടും പേരെഴുതി ഒപ്പു വെപ്പിക്കുകയും ചെയ്തു.**


1 — [illegible]
2 — O.K. Mohd. Razak
3 — K.K. Mohamed
4 — P.P. Abdul Gafoor
5 — A. Abdul Hameed Madani
6 — Cheriyamundam Abdul Hameed
7 — P.P. Hassan
8 — P.K. Mohammed Madani
9 — NK Ahmed Madani
10 — ഐ.കെ. ഹുസൈൻ, മടവൂർ 7/6/2001




<u>**ഒരു ഉദാഹരണം:**</u>

1. ക്വുര്‍ആനും ഹദീഥും മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും മതപരമായ കാര്യങ്ങള്‍ സ്വീകരിച്ചാചരിക്കുന്നതിനും സച്ചരിതരായ സലഫിന്റെ മാര്‍ഗം (മന്‍ഹജ്) അവലംബിക്കേണ്ടതില്ലെന്നും, അങ്ങനെ ഒരു മന്‍ഹജ് തന്നെ ഇല്ലെന്നുമുള്ള വാദം നാം ഇതുവരെ പുലര്‍ത്തിപ്പോന്ന ആശയാദര്‍ശങ്ങളില്‍ നിന്നുള്ള വ്യതിയാനമാണ്.

**പ്രതികരണം:**
ക്വുര്‍ആനും ഹദീഥും മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും മതപരമായ കാര്യങ്ങള്‍ സ്വീകരിച്ചാചരിക്കുന്നതിനും സച്ചരിതരായ സലഫിന്റെ മാര്‍ഗം (മന്‍ഹജ്) അവലംബിക്കേണ്ടതില്ലെന്ന വാദം ഞങ്ങള്‍ക്കില്ല. ഇതില്‍നിന്ന് വ്യത്യസ്തമായ മറെറാരു മന്‍ഹജ് ഇല്ല.

**തീരുമാനം:**
ക്വുര്‍ആനും ഹദീഥും മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും മതപരമായ കാര്യങ്ങള്‍ സ്വീകരിച്ചാചരിക്കുന്നതിനും സച്ചരിതരായ സലഫിന്റെ മാര്‍ഗമാണ് നാം സ്വീകരിക്കേണ്ടത് എന്ന് യോഗം അംഗീകരിച്ചു.

(മുകളില്‍ പറഞ്ഞ പണ്ഡിതന്മാര്‍ പേരെഴുതി ഒപ്പുവെച്ച മിനുട്സിന്റെ കോപ്പി ആവശ്യമുള്ളവര്‍ക്ക് അയച്ചു കൊടുക്കുന്നതാണ്.)

**അങ്ങനെ വ്യതിയാനവും വ്യതിയാനാരോപണവുമൊക്കെ പണ്ഡിതസഭയുടെ മുമ്പാകെ അലിഞ്ഞില്ലാതായപ്പോള്‍ എല്ലാവരും സമാധാനിച്ചു, സന്തോഷിച്ചു. അല്ലാഹുവിനെ സ്തുതിച്ചു. പക്ഷെ, സഹോദരങ്ങളെ പിന്നീട് എന്താണ് സംഭവിച്ചത്? ആ തീരുമാനങ്ങള്‍ കാറ്റില്‍ പറത്തുന്ന പണ്ഡിതന്‍മാരെയാണ് നമുക്ക് മടവൂര്‍ വിഭാഗത്തിനോടൊപ്പം കാണാന്‍ കഴിഞ്ഞത്. അവര്‍ ആത്മാര്‍ത്ഥമായിട്ടല്ല മിനുട്ട്സില്‍ ഒപ്പു വെച്ചത്.**

ഇങ്ങനെ പറയാൻ നമ്മുടെ കൈവശം കൃത്യമായ കാരണങ്ങളുണ്ട്. 2001ൽ മേൽ സൂചിത ചർച്ച നടക്കുമ്പോൾ സുപ്രധാനമായ രണ്ട് കാര്യങ്ങളാണ് മടവൂർ വിഭാഗത്തിലെ മൗലവിമാർ പണ്ഡിതസഭയിൽ നിന്നും മറച്ചു വെച്ചത്.

1. 1999ൽ പൂളപ്പൊയിൽ കേന്ദ്രീകരിച്ച് തങ്ങൾ **നദ്‌വത്തുൽ മുജാഹിദീൻ ബി കേരള** എന്ന പേരിൽ ഒരു പുതിയ സംഘടന രജിസ്ററർ ചെയ്തത്.

2. 2000ൽ കെ. എൻ. എം. അറിയാതെ **രഹസ്യമായി ഐ. എസ്. എമ്മിനെ സ്വതന്ത്രമായി രജിസ്ററർ** ചെയ്തത്.

വ്യക്തമായ രണ്ട് കൊടിയ വഞ്ചനകൾ ചെയ്തതിനു ശേഷവും, ജനാബ് ഹുസൈൻ മടവൂരിന്റെ അനുകൂലികൾ ബഹുമാന്യ കേരള ജംഇയ്യത്തുൽ ഉലമാ നിർവാഹക സമിതിയുടെ മുമ്പാകെ പറഞ്ഞത്, **ഐ. എസ്. എം. കെ. എൻ. എമ്മിന്റെ പോഷക സംഘടന തന്നെയാകുന്നു** എന്നാണ്.

ജ. ഹുസൈൻ മടവൂരും കൂട്ടരും വളരെ നിഗൂഢമായി മുജാഹിദ് പ്രസ്ഥാനത്തിന്റെ അകത്തിരുന്ന് പ്രവർത്തിക്കുകയും, അതോടൊപ്പം സംഘടന പിളർത്താൻ ആസൂത്രിതമായ തന്ത്രങ്ങൾ മെനയുകയും ചെയ്തു എന്നതിന് ഇതിൽ കൂടുതൽ തെളിവിന്റെ ആവശ്യമുണ്ടോ?

അങ്ങനെ ഒരു ആദർശ സംഘടനയെ പിളർത്തി സമാന്തര സംഘടനകളുണ്ടാക്കി വർഷങ്ങൾ കഴിഞ്ഞതിനു ശേഷം ഐക്യം, ഐക്യം എന്ന് ആഹ്വാനം ചെയ്യുന്നതിൽ അർത്ഥമൊന്നുമില്ല. ജ. ഹുസൈൻ മടവൂരും അദ്ദേഹത്തിന്റെ അനുയായികളും ചെയ്യേണ്ടത്, ബഹുമാന്യ കേരള ജംഇയ്യത്തുൽ ഉലമാ നിർവാഹക സമിതി കൈക്കൊണ്ട തീരുമാനങ്ങളംഗീകരിച്ച് മാതൃസംഘടനയിലേക്ക് തിരിച്ച് വരിക എന്നതാണ്.

ഗുണകാംക്ഷയോടെ
അൻവർ

തുടരും...